# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗകുടുംബങ്ങള്‍ക്ക് തിരിച്ചറിയല്‍ കാര്‍ഡ് വിതരണം</u>

976 ശ്രീ. വി. പി. സജീന്ദ്രന്‍
,, ഐ. സി. ബാലകൃഷ്ണന്‍
,, ഷാഫി പറമ്പില്‍
,, എം. പി. വിന്‍സന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പട്ടികവര്‍ഗ്ഗകുടുംബങ്ങള്‍ക്ക് തിരിച്ചറിയല്‍ കാര്‍ഡ് വിതരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ഇതുകൊണ്ടുളള നേട്ടങ്ങള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) തിരിച്ചറിയല്‍ കാര്‍ഡ് മുഖേന എന്തെല്ലാം ആനുകൂല്യങ്ങളാണ് പട്ടികവര്‍ഗ്ഗക്കാര്‍ക്ക് ലഭിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>അന്ത്യോദയ അന്നയോജന പദ്ധതി</u>

977 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. പി. വിൻസെന്റ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാക്തന ഗോത്രവർഗ്ഗങ്ങളെയും ആദിവാസി കുടുംബങ്ങളേയും അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് ഈ വിഭാഗക്കാർക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ വിഭാഗക്കാർക്ക് പ്രസ്തുത പദ്ധതി പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ആദിവാസി യുവാക്കൾക്ക് ജോലി നൽകുന്നതിനുള്ള ബദൽ സംവിധാനം</u>

978 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളത്തെ ആദിവാസി യുവാക്കൾ വർഷങ്ങളായി ചെയ്തുകൊണ്ടിരുന്ന ടൂറിസ്റ്റ്ഗൈഡ് തസ്തിക നിലവിൽ ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽരഹിതരായ ആദിവാസി യുവാക്കൾക്ക് ജോലി നൽകുന്നതിനുള്ള ബദൽ സംവിധാനം പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കുടുംബസഹായം നൽകുവാനുള്ള അപേക്ഷ</u>

979 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആത്മഹത്യ ചെയ്ത കിളിമാനൂർ, ചാരുപാറ, സത്യമംഗലത്ത് വീട്ടിൽ സുധാകരന്റെ കുടുംബത്തിന് സഹായം ലഭ്യമാക്കുവാൻ സ്ഥലം എം.എൽ.എ. നൽകിയ അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ട്രൈബല്‍ വിഭാഗത്തില്‍പ്പെട്ട പെണ്‍കുട്ടികള്‍ക്കായുള്ള ഹോസ്റ്റല്‍ നിര്‍മ്മാണം

980 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളുംവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചാലക്കുടി ഗവണ്‍മെന്റ് ഈസ്റ്റ് ഗേള്‍സ് സ്കൂളിന്റെ കെട്ടിടത്തില്‍ നിലവില്‍ പ്രവര്‍ത്തിച്ചു വരുന്ന ട്രൈബല്‍ വിഭാഗത്തില്‍പ്പെട്ട പെണ്‍കുട്ടികള്‍ക്കുള്ള ഹോസ്റ്റലിലെ സ്ഥലപരിമിതി കണക്കിലെടുത്ത് പുതിയ ഹോസ്റ്റല്‍ കെട്ടിടം നിര്‍മ്മിക്കുന്നതിനായി സ്കൂള്‍ഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷയില്‍ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ട്രൈബല്‍ വിഭാഗത്തില്‍പ്പെട്ട പെണ്‍കുട്ടികള്‍ക്കായുള്ള ഹോസ്റ്റല്‍ നിര്‍മ്മാണം ആരംഭിക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>കുട്ടമ്പുഴ കണ്ടന്‍ പാറയിലെ ആദിവാസികള്‍</u>

981 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോതമംഗലം നിയോജക മണ്ഡലത്തില്‍ കുട്ടമ്പുഴ പഞ്ചായത്തിലെ കണ്ടന്‍ പാറയില്‍ പാലായനം ചെയ്ത് വന്ന് താമസിക്കുന്ന ആദിവാസികളുടെ ദുരിതങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇവര്‍ക്ക് അടിയന്തിരമായി എന്തെല്ലാം സൗകര്യങ്ങള്‍ നല്കുമെന്ന് വ്യക്തമാക്കാമോ;

(ബി) കാട്ടുമൃഗങ്ങള്‍ വിളകള്‍ നിരന്തരമായി നശിപ്പിക്കുന്നത് മൂലം ഇവര്‍ക്ക് സുരക്ഷിത സ്ഥലത്ത് വാസയോഗ്യമായ വീടും ഉപജീവന സംവിധാനങ്ങളും നല്കാന്‍ എന്തൊക്കെ നടപടികള്‍ ഇതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് അടിയന്തിരമായി എന്തൊക്കെ നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് ഒരു ഉന്നത ഉദ്യോഗസ്ഥനെ നിയമിച്ച്, പുനരധിവാസം സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടികള്‍ സ്വീകരിയ്ക്കുമോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ആദിവാസി കോളനികളിലെ യാത്രാ സൗകര്യത്തിന്റെ അഭാവം

982 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം തേക്കടി ആദിവാസി കോളനിയിലെ ആളുകൾക്ക് ദൈനംദിന കാര്യങ്ങൾക്ക് പോകാൻ യാത്രാ സൗകര്യം ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പഞ്ചായത്ത്, വില്ലേജ് തുടങ്ങിയ ആഫീസുകളിൽ പോകുന്നതിന് തമിഴ്നാട്ടിൽ കൂടി കിലോമീറ്ററുകൾ സഞ്ചരിച്ചാണ് എത്തുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തേക്കടി കോളനിയിലെ ആദിവാസി വിഭാഗക്കാർക്ക് വനാവകാശ നിയമപ്രകാരം ചെമ്മണാമ്പതിയിൽ നിന്നും തേക്കടിയിലേക്ക് റോഡ് നിർമ്മിച്ച് ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരങ്ങള്‍</u>

983 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍
,, വി. പി. സജീന്ദ്രന്‍
,, എ. പി. അബ്ദുള്ളക്കുട്ടി
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പട്ടിക വര്‍ഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരങ്ങള്‍ ശേഖരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വിവരങ്ങള്‍ ശേഖരിച്ചതിന്റെ ക്രോഡീകൃത റിപ്പോര്‍ട്ട് പ്രകാശനം ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ;

(സി) ഇതുകൊണ്ടുള്ള പ്രയോജനങ്ങള്‍ വിശദമാക്കുമോ ;

(ഡി) എന്തെല്ലാം വിവരങ്ങളാണ് റിപ്പോര്‍ട്ടില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പെണ്‍കുട്ടികള്‍ക്കു വേണ്ടി പട്ടികവര്‍ഗ്ഗ ക്ഷേമ വകുപ്പ്
നടപ്പാക്കുന്ന പദ്ധതികള്‍</u>

984 ശ്രീ. ഇ.കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ കോളനികളില്‍ മദ്യം, പുകയില എന്നിവയുടെ ഉപയോഗം കൂടുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; എങ്കില്‍ ഇത് തടയാനാവശ്യമായ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ആദിവാസി പെണ്‍കുട്ടികള്‍ക്കു വേണ്ടി പട്ടികവര്‍ഗ്ഗ ക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതികള്‍ വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>വെള്ളക്കെട്ട് ഗോവിന്ദൻപാറ ആദിവാസി കോളനി</u>

985 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വെള്ളക്കെട്ട് ഗോവിന്ദൻപാറ ആദിവാസി കോളനിയിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കോളനി നിവാസികളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പ്ലാൻ ഫണ്ടിന്റെ വിനിയോഗം</u>

986 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012-13 വർഷത്തിൽ നവംബർ 30 വരെ പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ പ്ലാൻ ഫണ്ടിന്റെ എത്ര ശതമാനം വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ ; ഇക്കാര്യത്തിൽ ഇനം തിരിച്ചുള്ള വിശദവിവരം നൽകുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പുതിയ ഹോസ്റ്റൽ കെട്ടിടനിർമ്മാണം</u>

987 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് പരാവനടുക്കത്ത് സ്ഥിതി ചെയ്യുന്ന എസ്.ടി. പെൺകുട്ടികൾക്കായുള്ള എം.ആർ.എസ്-ന് പുതിയ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് 3.48 ലക്ഷം രൂപ അനുവദിച്ചിട്ട് എത്ര മാസമായി ;

(ബി) പി.ഡബ്ല്യൂ.ഡി. തയ്യാറാക്കിയ പ്രപ്പോസലിന് എസ്.ടി. ഡയറക്ടറേറ്റിൽ നിന്ന് ഇതുവരെ അനുമതി നൽകാത്തതിനാൽ പി.ഡബ്ല്യൂ.ഡി. യ്ക്ക് തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ കാലതാമസം ഒഴിവാക്കി സ്ഥലപരിമിതി മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന മേൽ എം.ആർ.എസ്. ഹോസ്റ്റൽ കെട്ടിടത്തിന്റെ പണി എന്ന് ആരംഭിക്കാനാവും എന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ആദിവാസി ചികിത്സ ലഭിക്കാതെ മരണപ്പെട്ട സംഭവം

988 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ കാററഗുസ്സയൂരിൽ രാമൻ മകൻ കൊടിയൻ എന്ന ആദിവാസി ചികിത്സ കിട്ടാതെ നരകയാതനകൾക്കൊടുവിൽ പുഴുവരിച്ച് മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ടിയാൻ ചികിത്സ ലഭിക്കാതെ മരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

യുവജന നയം

989 ശ്രീ. ഹൈബി ഈഡൻ
" എ. പി. അബ്ദുള്ളക്കുട്ടി
" ഷാഫി പറമ്പിൽ
" വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജന നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) യുവജനങ്ങളുടെ ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നയം നടപ്പാക്കുന്നതിന് മുൻപ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>മൃഗശാലകൾ - നവീകരണ പദ്ധതി</u>

990 ശ്രീ. സി. പി. മുഹമ്മദ്
'' വി. റ്റി. ബൽറാം
'' എ. പി. അബ്ദുള്ളക്കുട്ടി
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളിൽ എന്തെല്ലാം നവീകരണ പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) മൃഗശാലകളിൽ സന്ദർശകർക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഇതുവരെ എടുത്തിട്ടുള്ളതും ഇനി ചെയ്യാനുദ്ദേശിക്കുന്നതുമായ നടപടികൾ എന്തെല്ലാം ; സന്ദർശകർക്ക് എളുപ്പത്തിൽ ടിക്കറ്റ് വാങ്ങുന്നതിന് ഓട്ടോമാറ്റിക് കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?